18874
21/8/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ശ്രീ.ജി.രാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോൺ കേഡർ) (റിട്ട) ഫയൽ ചെയ്ത ഒ.എ.869/2016 ന്റെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം. 310/2017/വനം തീയതി, തിരുവനന്തപുരം, 13.08.2017

പരാമർശം : 1) 24.06.2002 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി 7-47043/99 നമ്പർ ഉത്തരവ്

2) ശ്രീ.ജി.രാജു ഫയൽ ചെയ്ത റ്റി.എ.2184/2013 ലെ 29.11.2013 ലെ ഉത്തരവ്

3) സ.ഉ.(സാധാ) നം.218/2014/വനം തീയതി 22.05.2014

4) സ.ഉ.(സാധാ) നം.551/2015/വനം തീയതി 23.12.2015

5) ശ്രീ.ജി.രാജു ഫയൽ ചെയ്ത ഒ.എ.869/2016 ലെ 03.04.2017 ലെ ഉത്തരവ്

6) 31.05.2017, 07.07.2017, 28.07.2017 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി 7-32761/09 നമ്പർ കത്തുകൾ

**ഉത്തരവ്**

നിലമ്പൂർ റെയിഞ്ചിൽ 18.06.1985 ൽ നടന്ന തേക്ക് തടി ലേലവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിലെ വീഴ്ചയെ തുടർന്ന് അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.ജി.രാജുവിനെതിരെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തു. 01.06.1998 ൽ കുറ്റപത്രം നൽകിയെങ്കിലും ടിയാൻ കൈപ്പറ്റിയില്ല. 19.06.1999 ൽ കുറ്റപത്രം കൈപ്പറ്റിയെങ്കിലും പ്രതിവാദ പത്രിക സമർപ്പിച്ചില്ല. ടി വിഷയത്തിൽ ഔപചാരികാന്വേഷണം നടത്തിയെങ്കിലും അതിലും ടിയാൻ ഹാജരായില്ല. അച്ചടക്ക നടപടികളിൽ നിന്നും മനപൂർവ്വം വിട്ടു

നിന്നു എന്നീ കാര്യങ്ങളും മറ്റും കണക്കിലെടുത്തുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീ.ജി.രാജുവിന് 3,05,205/- രൂപ ബാധ്യത നിശ്ചയിക്കുകയും സീനിയോറിറ്റി ലിസ്റ്റിൽ 10 സ്ഥാനം കുറയ്ക്കുകയും ചെയ്തു.

2) ശ്രീ.ജി.രാജു, ഡി.സി.ആർ.ജി. നൽകിയില്ലെന്നും മറ്റും കാണിച്ചുകൊണ്ട് ഫയൽ ചെയ്ത ഡബ്ല്യൂപി(സി) നം.29031/2009 (റ്റിഎ നം.2184/2013)ലെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ടിയാൻ സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനും അതിൽ തീരുമാനമെടുക്കുന്നതിനും ഉത്തരവായി.

3) ശ്രീ.ജി.രാജുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിലെ നടപടി ക്രമങ്ങളിൽ വീഴ്ചപറ്റിയെന്ന് കണ്ടെത്തിയതിനാൽ ടിയാനെതിരെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ ആരംഭിച്ച മുഴുവൻ അച്ചടക്ക നടപടിക്രമങ്ങളും റദ്ദാക്കിക്കൊണ്ടും എന്നാൽ അച്ചടക്ക നടപടികൾ ബോധപൂർവ്വം ടിയാൻ അട്ടിമറിക്കുകയായിരുന്നുവെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ച് ടിയാൻ ഫയൽ ചെയ്ത അപ്പീൽ അപേക്ഷ തള്ളിക്കൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടിയാനെ നേരിൽ കേൾക്കുകയും 18.06.1985 ൽ നടത്തിയ തേക്ക് തടി ലേല നടപടിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ 3,05,205/- രൂപയുടെ നഷ്ടം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പിടിക്കുന്നതിനും ആ തുക മതിയാകാതെ വന്നാൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 116 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ഈടാക്കുന്നതിനും ചട്ടം 59(ബി) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ കുറയ്ക്കുന്നതിനും പരാമർശം (4) പ്രകാരം ഉത്തരവായി.

4) മേൽ ഉത്തരവിനെതിരെ ശ്രീ.ജി.രാജു ഒ.എ. നം.869/2016 ഫയൽ ചെയ്തു. തേക്ക് തടി ലേലത്തിൽ പങ്കെടുത്ത് വീഴ്ച വരുത്തിയ ശ്രീ.ഹൈദർ ഹാജിയ്ക്ക് നിയമാനുസൃത തിരിച്ചറിയൽ രേഖ ഉണ്ടോയെന്ന് പരിശോധിക്കേണ്ടത് ടിയാനായിരുന്നുവെന്നും അതിലുള്ള വീഴ്ചകൊണ്ടാണ് സർക്കാരിന് നഷ്ടം വന്നതെന്നും ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിലെ വീഴ്ചകളെക്കുറിച്ചറിയാമായിരുന്നിട്ടും അത് മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ

പ്പെട്ടുത്തുകയോ വിശദീകരണം നൽകുകയോ അച്ചടക്ക അധികാരി മുമ്പാകെ വാദങ്ങളുന്നയിക്കുകയോ ചെയ്തിട്ടില്ലെന്നും മനഃപൂർവ്വം അച്ചടക്ക നടപടികൾ അട്ടിമറിക്കുകയായിരുന്നുവെന്നും പെൻഷൻ പേപ്പറുകൾ 24.03.2007 ൽ മാത്രമാണ് സമർപ്പിച്ചതെന്നും ഹൈക്കോടതിയിൽ ഡബ്ല്യൂപി(സി) നം.29031/2009 ഫയൽ ചെയ്തതിനു ശേഷം പ്രസ്തുത കേസ് 29.11.2013-ൽ തീർപ്പാക്കുന്നതു വരെ ഡി.സി.ആർ.ജി നൽകേണ്ടതില്ലെന്ന ഉത്തരവ് നിലവിലിരുന്നുവെന്നും പ്രസ്തുത ഒ.എ.യിൽ സർക്കാർ എതിർ സത്യവാങ്മൂലത്തിൽ ബോധിപ്പിച്ചു.

5) ശ്രീ.ജി.രാജു പെൻഷനായതിനു ശേഷം 3 വർഷം കഴിഞ്ഞാണ് ബാദ്ധ്യത നിശ്ചയിച്ചതെന്നതിനാൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3 പ്രകാരം ഡി.സി.ആർ.ജി.യിൽ നിന്നും അത് ഈടാക്കാൻ സാധിക്കുകയില്ലെന്നും 24.06.2002 ൽ ബാധ്യത നിശ്ചയിച്ചുവെങ്കിലും 2009 വരെയും അപേക്ഷകന് അറിയിപ്പ് നൽകിയില്ലെന്നും പരാമർശം (3) പ്രകാരം സർക്കാർ തന്നെ ആ ഉത്തരവ് റദ്ദാക്കിയതിനാൽ 24.06.2002 ൽ ബാധ്യത നിശ്ചയിച്ചുവെന്നതിന് സാധുതയില്ലായെന്ന് കോടതി നിരീക്ഷിച്ചു. കേരള സർവ്വീസ് റൂൾസ് ഭാഗം 3 നോട്ട് 2 പ്രകാരം അച്ചടക്ക നടപടി കൂടാതെ തന്നെ വിരമിച്ചവരുടെ ഡി.സി.ആർ.ജി യിൽ നിന്നും ബാധ്യത ഈടാക്കാമെങ്കിലും പ്രസ്തുത ബാധ്യത പെൻഷനായതിന്റെ 3 വർഷക്കാലയളവിൽ നിർണ്ണയിച്ചിരിക്കേണ്ടതാണെന്നും ഇപ്രകാരം നിശ്ചയിച്ചില്ലെങ്കിൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 116 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്തു മാത്രം ഈടാക്കാവുന്നതാണെന്നും ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ പാടില്ലെന്നും അതിനാൽ ശ്രീ.ജി.രാജുവിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ബാധ്യത ഈടാക്കാനാവില്ലായെന്നും ടിയാന്റെ മുഴുവൻ ഡി.സി.ആർ.ജി. തുകയും വിട്ടു നൽകാനും പരാമർശം (4) പ്രകാരം ട്രിബ്യൂണൽ ഉത്തരവായി.

6) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ(ഭരണം) റുടെ പരാമർശം (6) പ്രകാരമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 03.04.2017 ലെ ഒ.എ.869/2016 കേസിന്റെ കോടതി ഉത്തരവ് നടപ്പിലാക്കി ശ്രീ.ജി.രാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (നോൺ കേഡർ) (റിട്ട) റിന് മുഴുവൻ

ഡി.സി.ആർ.ജി തുകയും വിട്ടു നൽകാൻ ഇതിനാൽ ഉത്തരവാകുന്നു. അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തലത്തിൽ സമയബന്ധിതമായി ഡി.സി.ആർ.ജി വിട്ടു നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

7) ടി വിഷയത്തിലെ സർക്കാർ നഷ്ടം ഈടാക്കുന്നതിനുള്ള നടപടി മറ്റ് നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
ശ്രീ.ജി.രാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോൺ കേഡർ)(റിട്ട)
(അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ